JESUS REDEEMS MINISTRIES

# യുവജനലോകം

ജൂൺ 2026



വിശുദ്ധിയോടും അനുസരണയോടും
ദൈവഹിതം ചെയ്യുമ്പോൾ,

# പാത്രം കവിഞ്ഞൊഴുകും...

# ആമുഖം

**പ്രിയപ്പെട്ട യൗവനക്കാർക്ക്, യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹാശംസകൾ!**

ദൈവം നമ്മെ കവിഞ്ഞൊഴുകുന്ന അനുഗ്രഹത്താൽ നിറയ്ക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ പലപ്പോഴും അത് സ്വീകരിക്കാൻ നാം തയാറാകാത്തതുകൊണ്ട്, ആ അനുഗ്രഹം നഷ്ടപ്പെടുന്നു.

യഹോവയുടെ പെട്ടകം മൂന്ന് മാസം ഓബേദ് എദോമിന്റെ വീട്ടിൽ ഉണ്ടായിരുന്നു. ആ മൂന്ന് മാസങ്ങളിൽ ദൈവം ഓബേദ് എദോമിന്റെ ഭവനത്തെയും അവനുണ്ടായിരുന്നതിനെയൊക്കെയും അനുഗ്രഹിച്ചു.

യഹോവയുടെ പെട്ടകം നിമിത്തം വലിയൊരു ജീവൻ നഷ്ടപ്പെട്ടു. എന്നാൽ ഇപ്പോൾ വലിയൊരു അനുഗ്രഹം! മറ്റൊരു വിധത്തിൽ പറഞ്ഞാൽ, "ദൈവം ഓബേദ് എദോമിനെ അനുഗ്രഹിച്ചു". അനുഗ്രഹത്തിന് കാരണം എന്താണ്?

1. ഓബേദ് എദോം ദൈവത്തിന്റെ പെട്ടകത്തിന് ബഹുമാനം നൽകി! ഉസ്സാ 20 വർഷത്തോളം യഹോവയുടെ പെട്ടകം തന്റെ കൂടെ കൊണ്ടുപോയി, തനിക്ക് ഇഷ്ടമുള്ളത് ചെയ്യാൻ കഴിയുമെന്ന് ചിന്തിച്ചു, അത് വിനാശകരമായ പരിണതഫലത്തിലേക്ക് നയിച്ചു. എന്നാൽ ദൈവത്തിന്റെ പെട്ടകം ബഹുമാനത്തോടും ഭക്തിയോടും കൂടി പരിപാലിച്ചതിനാൽ ഓബേദ് എദോമിന് വലിയ അനുഗ്രഹങ്ങൾ ലഭിച്ചു.

2. എല്ലാവരും യഹോവയുടെ പെട്ടകത്തെ ഭയപ്പെട്ട്, മാറി നിന്നു. ഉസ്സയുടെ മരണശേഷം, എല്ലാവരും പെട്ടകത്തിന്റെ അടുക്കൽ വരാൻ ഭയപ്പെട്ടു. എന്നാൽ ഓബേദ് എദോം യഹോവയുടെ പെട്ടകം പൂർണ്ണഹൃദയത്തോടും ഭയമില്ലാതെയും വിശ്വാസത്തോടെയും തന്റെ വീട്ടിലേക്ക് സ്വീകരിച്ചു. കർത്താവിനും, കർത്താവിന്റെ സാന്നിധ്യത്തിനും പ്രാധാന്യം നൽകുമ്പോൾ, അതിന്റെ ഫലം അനുഗ്രഹമായിരിക്കും.

3. ദൈവസാന്നിധ്യത്തെ ഭക്തിയോടും വിനയത്തോടും സമീപിക്കുന്നവർക്ക് പ്രതിഫലവും ഉയർച്ചയും ഉണ്ടാകും. വ്യാജ ഭക്തിയും അഹങ്കാരവുമുള്ളവർക്ക് ദൈവസാന്നിധ്യം ന്യായവിധിയും ഭയവും ഭീതിയും കൊണ്ടുവരും.

ഇന്ന് യൗവനക്കാരായ നിങ്ങളെയും കർത്താവ് അനുഗ്രഹിക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ ഓബേദ് എദോം കാണിച്ചതുപോലെ ഭക്തിയും, യഥാർത്ഥ സ്നേഹവും,താഴ്മയും നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങൾക്കും സമാനമായ അനുഗ്രഹങ്ങൾ പ്രാപിക്കാൻ കഴിയും.

**ദൈവത്തിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ!**

ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്






# വെല്ലുവിളിയുടെ കൊടുമുടി

**പ്രിയപ്പെട്ട യുവ നേട്ടക്കാരെ, നിങ്ങൾക്ക് എന്റെ സ്നേഹാശംസകൾ!**

**ജീവിതത്തിൽ അവസരങ്ങൾ നമ്മെ അന്വേഷിച്ച് വരാറില്ല. അവസരങ്ങൾ വരാൻ കാത്തിരുന്നാൽ സമയം പാഴാകും. പക്ഷേ അവസരങ്ങൾ അന്വേഷിച്ച് മുന്നോട്ട് പോയാൽ തീർച്ചയായും നമുക്ക് വിജയത്തിന്റെ കൊടുമുടിയിലെത്താൻ കഴിയും. ജീവിതത്തിനായി അവസരം സൃഷ്ടിച്ച് ലോകത്തിന് ഒരു മാതൃകയായി ഉയർന്ന ഒരാളുടെ പ്രചോദനാത്മകമായ യാത്ര ഇതാ നിങ്ങൾക്കായി...**

ജോൺ ക്രോണിന്റെ ജീവിതം മറ്റുള്ളവരെപ്പോലെ നിസ്സാരമായിരുന്നില്ല. **Down Syndrome** എന്ന ശാരീരികവും മാനസികവുമായ വളർച്ചാ വൈകല്യത്തോടെയാണ് അദ്ദേഹം ജനിച്ചത്. കുട്ടിക്കാലം മുതൽ തന്നെ നിരവധി വെല്ലുവിളികൾ അദ്ദേഹം നേരിട്ടു. എന്നിട്ടും ആത്മവിശ്വാസം നഷ്ടപ്പെടാതെ മുന്നോട്ടുപോയി. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം, മറ്റുള്ളവരെപ്പോലെ ജോലി അന്വേഷിക്കാൻ തുടങ്ങി. പക്ഷേ കണ്ടെത്തിയ ജോലികൾ അദ്ദേഹത്തിന് സംതൃപ്തി നൽകിയില്ല.

അപ്പോൾ അദ്ദേഹം ഒരു തീരുമാനം എടുത്തു: 'ജോലി അന്വേഷിച്ച് അലയുകയില്ല! ഞാൻ തന്നെ ജോലി സൃഷ്ടിക്കും' എന്ന് തന്റെ പിതാവിനൊപ്പം ഒരു ബിസിനസ്സ് ആരംഭിക്കാൻ അദ്ദേഹംപദ്ധതിയിട്ടു. **Fun Store, Food Truck** തുടങ്ങിയ നിരവധി ആശയങ്ങൾ പരീക്ഷിച്ചു. പക്ഷേ അതൊന്നും വിജയിച്ചില്ല. പരാജയങ്ങൾ നേരിട്ടിട്ടും ശ്രമങ്ങൾ ഉപേക്ഷിച്ചില്ല.

ഒടുവിൽ, അദ്ദേഹത്തിന് ഇഷ്ടപ്പെട്ട വർണ്ണാഭമായ **Socks** കേന്ദ്രീകരിച്ച് **John's Crazy Socks** എന്ന കമ്പനി ആരംഭിച്ചു. ബിസിനസ്സിന്റെ ആദ്യ ദിവസം തന്നെ ഏറ്റവും വലിയ വെല്ലുവിളി നേരിട്ടു. അവരുടെ വെബ്സൈറ്റ് തകർന്നു. പലരും അത് കണ്ട് നിരുത്സാഹപ്പെടുത്തുമായിരുന്നു. പക്ഷേ ജോണും സംഘവും വീണ്ടും പ്രവർത്തനക്ഷമരായി. മണിക്കൂറുകൾക്കുള്ളിൽ ഓർഡറുകൾ വന്നുതുടങ്ങി. വിജയത്തിലേക്കുള്ള അവരുടെ യാത്രയിലെ ആദ്യപടിയായിരുന്നു അത്.

അതിനുശേഷം ബിസിനസ്സ് അതിവേഗം വളർന്നു. ഇന്ന് ആ സ്ഥാപനം ലോകമെമ്പാടും ആയിരങ്ങൾക്ക് സന്തോഷം പകരുന്ന ഒന്നായിരിക്കുന്നു.

ജോൺ ഇപ്പോൾ പണം സമ്പാദിക്കുന്നതിൽ മാത്രമല്ല ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. തന്റെ വരുമാനത്തിന്റെ ഒരു ഭാഗം സ്പെഷ്യൽ ഒളിമ്പിക്സ് സംഘടനയ്ക്ക് സംഭാവന ചെയ്യുന്നു. ഭിന്നശേഷിക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അദ്ദേഹം ശ്രമിക്കുന്നു. **Awareness Socks** ലൂടെ അദ്ദേഹം സാമൂഹിക അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു.

**ഈ പംക്തി വായിക്കുന്ന യൗവനക്കാരെ, Down Syndrome ഒരു വലിയ വെല്ലുവിളിയായിരിക്കാം. എന്നാൽ ജോൺ തന്റെ വൈകല്യത്തിന്റെ പേരിൽ പിന്നോട്ട് മാറി നിന്നില്ല! അദ്ദേഹം അതിനെ വിജയമാക്കി മാറ്റി. അദ്ദേഹം സ്വന്തം ജീവിതം മാത്രമല്ല, മറ്റ് പലരുടെയും ജീവിതത്തെ ഉയർത്തുകയും ചെയ്തിരിക്കുന്നു.**

**ശരീരത്തിന് ഒരു ന്യൂനത ഉണ്ടായാലും കുഴപ്പമില്ല! അത് മനസ്സിൽ ആകരുത്. മനസ്സിൽ ഒരു ന്യൂനത ഉണ്ടെങ്കിൽ നമുക്ക് ഉയരാൻ കഴിയില്ല. ജോണിനെപ്പോലെ നമുക്കും ഒരു പാത സൃഷ്ടിച്ച് അതിലൂടെ ധൈര്യത്തോടെ നടക്കാൻ തുടങ്ങാം...!**

# യേശുവിനെപ്പോലെ കവിഞ്ഞൊഴുകുന്ന അഭിഷേകം!



"ദൈവം അയച്ചവൻ ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നു; അവൻ ആത്മാവിനെ അളവുകൂടാതെയല്ലോ കൊടുക്കുന്നത്" (യോഹന്നാൻ 3:34). നിങ്ങൾ അഭിഷേകത്താൽ നിറയുമ്പോൾ പരിശുദ്ധാത്മാവ് നിങ്ങളെ പ്രാർത്ഥനയിൽ വളരാൻ പ്രാപ്തരാക്കും. ക്രിസ്തുവിന്റെ സ്നേഹം നമ്മിലേക്ക് കൊണ്ടുവരുന്നത് പരിശുദ്ധാത്മാവാണ്. യേശുവിന്റെ താഴ്മ നമ്മിലേക്ക് കൊണ്ടുവരുന്നതും പരിശുദ്ധാത്മാവാണ്. യേശുവിന്റെ കരുണ നമ്മിലേക്ക് കൊണ്ടുവരുന്നത് പരിശുദ്ധാത്മാവാണ്. യേശുവിനെപ്പോലെ കഷ്ടപ്പാടുകൾ സഹിക്കാൻ നമ്മെ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്. പിതാവിന്റെ ഇഷ്ടം അറിയാൻ നമ്മെ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്. നാം പരിശുദ്ധാത്മാവിനാൽ പൂർണ്ണമായും നിറയപ്പെടണം. യേശുവിന് പിതാവ് അളവില്ലാതെ പരിശുദ്ധാത്മാവിനെ നൽകിയിരുന്നു.





## യേശുവിന്റെ ജീവിതം നോക്കൂ...

ഒന്നാമതായി, ലൂക്കോസ് 1:35ൽ ദൂതൻ മറിയയോട് പരിശുദ്ധാത്മാവ് നിന്റെമേൽ വരും എന്നു പറഞ്ഞു. പരിശുദ്ധാത്മാവിനാൽ യേശുക്രിസ്തു മറിയയുടെ ഗർഭത്തിൽ ഉത്ഭവിച്ചു.



രണ്ടാമതായി, ലൂക്കോസ് 3:21-22 ൽ ജനം എല്ലാം സ്നാനം ഏല്ക്കുകയിൽ യേശുവും സ്നാനം ഏറ്റു പ്രാർത്ഥിക്കുമ്പോൾ ... എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. സ്നാനമേറ്റതിനുശേഷം ജനങ്ങളെല്ലാം ചിതറിപ്പോയി. എന്നാൽ യേശു സ്നാനമേറ്റതിനുശേഷം പ്രാർത്ഥിച്ചു. യേശു പ്രാർത്ഥിക്കുമ്പോൾ സ്വർഗം തുറന്നു. പരിശുദ്ധാത്മാവ് പ്രാവ് എന്നപോലെ അവന്റെമേൽ ഇറങ്ങിവന്നു.

മൂന്നാമതായി, ലൂക്കോസ് 4:1ൽ, യേശു പരിശുദ്ധാത്മാവ് നിറഞ്ഞവനായി, ആത്മാവിനാൽ മരുഭൂമിയിലേക്കു നയിക്കപ്പെട്ടു. 14-ാം വചനം നോക്കുവിൻ: യേശു ആത്മാവിന്റെ ശക്തിയോടെ ശുശ്രൂഷ ആരംഭിച്ചു. പിതാവ് യേശുവിനെ അളവില്ലാതെ അഭിഷേകത്താൽ നിറച്ചിരുന്നു.

ആ അഭിഷേകം വളരെ പ്രധാനമാണ്. അന്ത്യ നാളുകളിൽ കർത്താവ് നമുക്ക് പ്രത്യേക അഭിഷേകം നൽകുന്നു. യോഹന്നാൻ 3:34ൽ പിതാവ് ആ ആത്മാവിനെ അളവില്ലാതെ നൽകിയിരുന്നു.

ആ അഭിഷേകം വളരെ പ്രധാനമാണ്. അന്ത്യകാലത്ത് "സകല ജഡത്തിന്മേലും ഞാൻ എന്റെ ആത്മാവിനെ പകരും" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. നമ്മുടെ മേൽ പരിശുദ്ധാത്മാവിന്റെ ശക്തി അളവില്ലാതെ വ്യാപരിക്കണം. "കർത്താവേ, ആ അഭിഷേകം എനിക്ക് തരേണമേ. അങ്ങയുടെ ആത്മാവിനാൽ എന്നെ നിറയ്ക്കണമേ" എന്ന് നാം അപേക്ഷിക്കണം.

യേശുവിന്റെ ശുശ്രൂഷ ഇത്ര മഹത്വമുള്ളതാകാൻ കാരണം അഭിഷേകമായിരുന്നു! ലൂക്കോസ് 4:18ൽ: "കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു" എന്ന് യേശു പറയുന്നു. ആ അഭിഷേകമാണ് യേശുവിനെ നയിച്ചത്. ആ അഭിഷേകം നമ്മെ ഉണർവിനായി ഒരുക്കുന്നു.

നിങ്ങൾ എന്ത് ചെയ്താലും നിങ്ങൾക്ക് അഭിഷേകം ആവശ്യമാണ്. അതിനായി, 'കർത്താവേ, എനിക്ക് അഭിഷേകം ആവശ്യമാണ്! അങ്ങയുടെ പരിശുദ്ധാത്മാവിനാൽ എന്നെ സമൃദ്ധമായി നിറയ്ക്കണമേ' എന്ന് ചോദിക്കണം. യേശുവിന് ആ അഭിഷേകം സമൃദ്ധമായി ഉണ്ടായിരുന്നു. യേശുവിന്റെ ജീവിതത്തിന്റെയും ശുശ്രൂഷയുടെയും വിജയരഹസ്യം ഇതായിരുന്നു. ഈ അഭിഷേകം വളരെ പ്രധാനമാണ്.

എല്ലാ ദിവസവും നിങ്ങൾക്ക് ഒരു പുതിയ അഭിഷേകം ആവശ്യമാണ്. കഴിഞ്ഞ ദിവസത്തെ അഭിഷേകം ഇന്ന് ഉപയോഗിക്കാൻ കഴിയില്ല. എല്ലാ ദിവസവും നിങ്ങൾക്ക് പുതിയ അഭിഷേകവും പുതിയ ഭാഷയും ആവശ്യമാണ്. കർത്താവ് നമുക്ക് പുതിയ അഭിഷേകവും പുതിയ കൃപയും നല്കും. അതിനായി നാം കാത്തിരിക്കണം, വചനം ധ്യാനിക്കണം; പ്രാർത്ഥിക്കണം.

**പ്രിയ യൗവനക്കാരെ, ആ അഭിഷേകം പ്രാപിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? "കർത്താവേ, എനിക്ക് അഭിഷേകം ആവശ്യമാണ്, എനിക്ക് അങ്ങയെപ്പോലെ ജീവിക്കണം" എന്ന് ദാഹത്തോടെ ചോദിക്കുമ്പോൾ, നിങ്ങളെ അളവില്ലാതെ ആത്മാവിനാൽ നിറയ്ക്കും. അപ്പോൾ നിങ്ങൾക്കും യേശുവിനെപ്പോലെ ജീവിക്കാൻ കഴിയും!**




# കവിഞ്ഞൊഴുകുന്ന അനുഗ്രഹം!

ഇന്നത്തെ യൗവനക്കാരുടെയെല്ലാം പ്രതീക്ഷ ഒന്നുതന്നെയാണ്, എനിക്ക് ജീവിതത്തിൽ സ്ഥിരപ്പെടണം, നല്ല ജോലി, നല്ല ശമ്പളം, പദവി ഇതെല്ലാം നിശ്ചിത കാലയളവിനുള്ളിൽ നിറവേറണം എന്ന പ്രതീക്ഷ പലർക്കുമുണ്ട്. ഒരു വശത്ത് ഭാവിയെക്കുറിച്ച് പലർക്കും ഭയവും ഉത്കണ്ഠയും! എന്റെ ആവശ്യങ്ങൾ എപ്പോൾ നിറവേറ്റപ്പെടുമെന്ന ഹൃദയവേദന മറുവശത്ത്! ഇനി എന്താകുമോ? നിങ്ങളുടെ ഭാവി അനുഗ്രഹമാക്കി മാറ്റേണ്ടത് ദൈവമാണ്. അനുഗ്രഹം എന്നത് യാദൃശ്ചികമായി സംഭവിക്കുന്നതല്ല, അത് നിങ്ങൾ നടത്തുന്ന പരിശ്രമത്തിന്റെ ഫലമാണ്.

എലീശാ പ്രവാചകന്റെ കാലത്ത്, ഒരു വിധവ ഉണ്ടായിരുന്നു, അവളുടെ ഭർത്താവ് മരിച്ചതിനുശേഷം അവളുടെ രണ്ട് പുത്രന്മാരെ കടക്കാർ അടിമകളാക്കി. അവൾ എലീശായോട് പരാതിപ്പെട്ടപ്പോൾ, എലീശാ അവളോട് "ഞാൻ നിനക്കു വേണ്ടി എന്തു ചെയ്യേണം? പറക; വീട്ടിൽ നിനക്ക് എന്തുള്ളൂ?" (2 രാജാ. 4:2) എന്നു ചോദിച്ചു. ഒരു ഭരണി എണ്ണയല്ലാതെ അടിയന്റെ വീട്ടിൽ മറ്റൊന്നും ഇല്ല എന്ന് അവൾ തനിക്കുള്ളത് മറച്ചുവയ്ക്കാതിരുന്നതിനാൽ കർത്താവ് ആ ഒരു ഭരണി എണ്ണയിലൂടെ അനേകരുടെ പാത്രങ്ങൾ നിറഞ്ഞു കവിയുന്ന രീതിയിൽ അനുഗ്രഹിച്ചു. നിങ്ങളുടെ കഴിവുകളും, വിദ്യാഭ്യാസവും നിങ്ങൾ കർത്താവിന് നൽകിയാൽ, കർത്താവ് അത് അനുഗ്രഹമാക്കി മാറ്റും.

അനുഗ്രഹങ്ങൾ നിങ്ങൾക്കുള്ളിൽ നിന്നാണ് ആരംഭിക്കുന്നതെന്ന് മറക്കരുത്. അവൾ എലീശയുടെ ഉപദേശം കേട്ടനുസരിക്കുകയും ഒഴിഞ്ഞ പാത്രങ്ങൾ വാങ്ങാൻ കഠിനമായി അദ്ധ്വാനിക്കുകയും ചെയ്തു. അവരുടെ പരിശ്രമങ്ങൾക്കനുസരിച്ച് കർത്താവ് അവരുടെ പാത്രങ്ങൾ നിറഞ്ഞു കവിയുന്ന തരത്തിൽ അനുഗ്രഹിച്ചു.



ജീവിതത്തിൽ ചിലപ്പോൾ നമ്മൾ എത്ര ശ്രമിച്ചാലും പാരാജയം നേരിടേണ്ടിവരും. നമുക്ക് വിജയം കാണാൻ കഴിയില്ല. പത്രൊസും കൂട്ടുകാരും രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഒരു മീൻ പോലും കിട്ടിയില്ല. അവരുടെ പടക് ഒഴിഞ്ഞ പടകായിരുന്നു. നല്ല അനുഭവവും കഠിനാധ്വാനവും ഉണ്ടായിരുന്നിട്ടും, ഒരു മീൻ പോലും അവർക്ക് കിട്ടിയില്ല. പത്രൊസും കൂട്ടുകാരും തങ്ങളുടെ പടകിൽ യേശുവിന് സ്ഥാനം നൽകുകയും, യേശു ഉപദേശിച്ചതുപോലെ ആഴത്തിലേക്ക് നീക്കി വല ഇറക്കുകയും ചെയ്തപ്പോൾ, അവരുടെ വല കീറിപ്പോകുന്ന അളവിൽ പെരുത്ത മീൻകൂട്ടം ലഭിച്ചു. ഇപ്പോൾ അടുത്ത പടകിലുള്ളവരെയും സഹായിപ്പാൻ മാടിവിളിച്ചു. അവർ വന്നു പടകു രണ്ടും മുങ്ങുമാറാകുവോളം നിറച്ചു.

ഇത് വായിക്കുന്ന യൗവനക്കാരെ, സാഹചര്യങ്ങൾ കണ്ട് നിരുത്സാഹപ്പെടാതെ, നിങ്ങളുടെ കഴിവുകൾ ഉപയോഗിച്ച് കർത്താവ് പറയുന്നത് ചെയ്താൽ, കർത്താവ് നിങ്ങളെ അനേകർക്ക് അനുഗ്രഹമാക്കി മാറ്റും. നിങ്ങളുടെ സ്വന്തം ബുദ്ധിയിൽ ആശ്രയിക്കുന്നതിനുപകരം കർത്താവിന്റെ വചനത്തിനും മാർഗനിർദേശത്തിനും നിങ്ങൾ പ്രാധാന്യം നൽകുമ്പോൾ, നിങ്ങളുടെ ജീവിതത്തിൽ നിറഞ്ഞു കവിയുന്ന അനുഗ്രഹങ്ങൾ കാണാൻ കഴിയും.

പ്രിയപ്പെട്ട യൗവനക്കാരെ, നിങ്ങൾ **Comfort** സാഹചര്യത്തിലാണെങ്കിൽ, നിങ്ങളുടെ ജീവിതത്തിൽ വലിയ അനുഗ്രഹങ്ങൾ കാണാൻ കഴിയില്ല. നിങ്ങളുടെ പഠനത്തിലും, കഴിവുകളിലും, ജോലിയിലും, ആത്മീയ ജീവിതത്തിലും സമൃദ്ധമായ അനുഗ്രഹങ്ങൾ കാണണമെങ്കിൽ ജീവിതമെന്ന നിങ്ങളുടെ പടകിൽ യേശു ഉണ്ടായിരിക്കണം. അപ്പോൾ മാത്രമേ നിങ്ങൾക്ക് സമൃദ്ധമായ അനുഗ്രഹങ്ങൾ പ്രാപിക്കാൻ കഴിയൂ.

# ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

**Trivandrum**
യേശു വിടുവിക്കുന്നു ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രം
KVR - 247, മുളവന ജംഗ്ഷൻ,
തേക്കുംമൂട്, കണ്ണമ്മൂല റോഡ്,
തിരുവനന്തപുരം - 695035
Office Time 9:30 A.M. - 5:30 P.M.
Ph: 92497 18266, 0471-233 1392.

**Kochi**
Chandrasseri House,
Madaplathuroth,
Moothakunnam - 683 516,
Kochi,
Kerala State.

**Kottayam**
2nd Floor,
Aswathy Tower,
Thekkumgopuram - 686 001,
Kottayam, Kerala State.
Office Time 10:00 A.M. - 6:00 P.M.
Mob: 94967 44001, 99463 00001.



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.



# സമ്മർദ്ദത്തിന്റെ കീഴിൽ

**Hi friends,** എല്ലാവർക്കും സുഖമാണോ? സമ്മർദ്ദത്തിന്റെ കീഴിൽ എന്ന പംക്തിയിലൂടെ നിങ്ങളെ കാണാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്.

എല്ലാ മാസവും ഈ പംക്തിയിലൂടെ, തകർന്നതും, രൂപാന്തരപ്പെട്ടതും, സൃഷ്ടക്കപ്പെട്ടതുമായ വസ്തുക്കളുടെ പ്രാധാന്യവും ഉപയോഗവും, അവ എത്രത്തോളം വിലയേറിയതായി മാറുന്നുവെന്നും നാം കണ്ടുവരുന്നു.

ഈ മാസം കളിമൺ പാത്രങ്ങൾ ഉണ്ടാക്കുന്നത് എങ്ങനെയാണെന്ന് പരിശോധിക്കാമോ?

കളിമണ്ണിനെ വെറുതെ ഒരു മൺപാത്രമാക്കി മാറ്റാൻ കഴിയില്ല. അത് എത്രമാത്രം സമ്മർദ്ദം നേരിടേണ്ടിവരുമെന്ന് നോക്കാം.

## മൺപാത്രം ഉണ്ടാക്കുന്ന വിധം

തമിഴ്നാട്ടിന്റെ ഒരു പരമ്പരാഗത കരകൗശലവിദ്യയാണ് കളിമൺപാത്ര നിർമ്മാണം. 5000 വർഷം പഴക്കമുള്ള ഒരു വ്യവസായമാണിത്.

## ആവശ്യമായ വസ്തുക്കൾ:

വയൽ, കുളത്തിലെ കളിമണ്ണ്, മണൽ കലരാത്ത കറുപ്പ്/ചുവപ്പ് കളിമണ്ണ്, ചക്രം, വെള്ളം, ഡിസൈൻ ഉപകരണം, ചൂള, ചട്ടികൾ ചുടുന്നതിനുള്ള വൈക്കോൽ, വിറക് അടുപ്പ്

## ഉണ്ടാക്കുന്ന വിധം

**മണ്ണ് തയാറാക്കൽ:** കളിമണ്ണ് 2 ദിവസം വെള്ളത്തിൽ കുതിരാൻ വച്ച്, കല്ലുകളും, മറ്റ് വസ്തുക്കളും നീക്കം ചെയ്തശേഷം, വായു കുമിളകളില്ലാതെ ചപ്പാത്തി മാവിന്റെ സ്ഥിതിയിലെത്തുന്നതുവരെ കാലുകൾ കൊണ്ട് മണ്ണ് നന്നായി ചവിട്ടുന്നു.

**മണ്ണ് കുഴയ്ക്കൽ:** മണ്ണ് നന്നായി ഉരുട്ടി ഒരു പന്തിന്റെ ആകൃതിയിൽ ആക്കുന്നു.

**ചക്രത്തിൽ വയ്ക്കൽ:** ആ പന്ത് ചക്രത്തിന്റെ മദ്ധ്യത്തിന്റെ വയ്ക്കുകയും ചക്രം നിർത്താതെ കറക്കുകയും ചെയ്യുന്നു.

**രൂപപ്പെടുത്തൽ:** രണ്ട് വിരലുകൾ നടുവിൽ വച്ച് ഒരുമിച്ച് അമർത്തി, കൈപ്പത്തികൾ പുറത്തേക്ക് അഭിമുഖമായി ഇരിക്കുന്നവിധം വിരൽ ഉള്ളിൽ വച്ചുകൊണ്ട് അതിനെ രൂപപ്പെടുത്തും.

**കഴുത്ത് സ്ഥാപിക്കൽ:** മുകളിലെ അറ്റം പുറത്തേക്ക് മടക്കി കഴുത്ത് രൂപപ്പെടുത്തുന്നു. കൂടുതൽ മനോഹരമാക്കാൻ വിരലുകൾ കൊണ്ട് അമർത്തുന്നു.

**അരിഞ്ഞെടുക്കൽ:** ഒരു ചരട് ഉപയോഗിച്ച് ചക്രത്തിൽ നിന്ന് അരിഞ്ഞെടുത്ത്, ഒരു തട്ടിൽ വയ്ക്കുന്നു.



**തണലിൽ ഉണക്കൽ:** രണ്ട് ദിവസം തണലിൽ സാവധാനം ഉണങ്ങുന്നു.

**പോളിഷിംഗ്:** ഉരുളൻ കല്ലുകൾകൊണ്ട് പോളിഷ് ചെയ്ത്, പൂക്കളും മറ്റ് ഡിസൈനുകളും സൃഷ്ടിക്കുന്നു.

**ചുട്ടെടുക്കൽ:** വൈക്കോൽ, വിറക് എന്നിവ ചൂളയിൽ അടുക്കി 800-1000ഡിഗ്രി സെൽഷ്യസ് താപനിലയിൽ 8 മണിക്കൂർ ചുടുന്നു. തണുത്തശേഷം അത് നീക്കം ചെയ്യുന്നു.

മൺപാത്രത്തിൽ പാകംചെയ്യുന്നത് ശരീരത്തിന് നല്ലതാണ്. ഇത് സ്വാഭാവികമായ തണുപ്പ് നൽകുന്നു; വായു പുറത്തേക്ക് പോകുന്നു; പോഷകങ്ങൾ ഉള്ളിൽ തന്നെ ഉണ്ടാകും. കാൽസ്യം പോലുള്ള പോഷകങ്ങൾ വെള്ളത്തിൽ ചേർക്കപ്പെടുന്നു. അങ്ങനെ അതിന്റെ ഗുണങ്ങളെക്കുറിച്ച് നമുക്ക് പറഞ്ഞുകൊണ്ടിരിക്കാം.

**Friends** കളിമണ്ണിന് ലഭിച്ച ജീവിതം കണ്ടോ? എല്ലാ കഷ്ടപ്പാടുകളും സഹിച്ചതുകൊണ്ട് അതിന് മനോഹരമായ ഒരു കലമായി മാറാൻ കഴിഞ്ഞു.

മൺപാത്രം നിർമ്മിക്കാൻ കളിമണ്ണ് വളരെ പ്രധാനമാണ്. കളിമണ്ണ് വളരെ മൃദുവാണെങ്കിൽ പാത്രം ഉടഞ്ഞുപോകാതിരിക്കും. അത് കഠിനമാണെങ്കിൽ ഉടഞ്ഞുപോകും. അതുകൊണ്ടാണ് കുശവൻ അതിനെ കാലുകൊണ്ട് ചവിട്ടുന്നത്. അതുപോലെ,നമ്മൾ മൃദുലഹൃദയമുള്ളവരാണെങ്കിൽ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ നമ്മൾ നിഷ്ക്രിയരാകും. നമ്മൾ കഠിനഹൃദയമുള്ളവരാണെങ്കിൽ, ആ സാഹചര്യത്തിൽ നമ്മൾ സ്വന്തം ബുദ്ധിയെ ആശ്രയിക്കുകയും തെറ്റായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യും. ആ സാഹചര്യത്തിൽ നമ്മെ ശക്തരാക്കാൻ കുശവൻ കളിമണ്ണ് കാലുകൊണ്ട് ചവിട്ടുന്നത് പോലെ സമ്മർദ്ദകരമായ സാഹചര്യങ്ങളെ ദൈവം അനുവദിക്കുന്നു. അതിന്റെ ഫലം മഹത്വമേറിയതാണ്.

ഉപയോഗശൂന്യമായ മൺപാത്രത്തെ രൂപാന്തരപ്പെടുത്തുന്നതിന് വെള്ളം പ്രധാനമായിരിക്കുന്നതുപോലെ, നമ്മെ രൂപാന്തരപ്പെടുത്തുന്നതിന് പരിശുദ്ധാത്മാവ് പ്രധാനമാണ്.

ഉരുളൻ കല്ലുകൾ മൺപാത്രത്തെ മിനുസപ്പെടുത്തുന്നതുപോലെ, ചില പ്രയാസകരമായ സാഹചര്യങ്ങൾ നമ്മെ മിനുസപ്പെടുത്തുകയും ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽ വെളിപ്പെടുത്തുകയും ചെയ്യും.

ചൂളയിൽ മൺപാത്രം ചുടുമ്പോൾ, അത് ഉറപ്പുള്ളതായി മാറുന്നതുപോലെ, ചെറിയ പ്രശ്നങ്ങളിൽ അസ്ഥിരരാകുന്ന നാമും, അവസാനം അചഞ്ചലരായി ഉറച്ച് നിൽക്കും.

**അതിനുവേണ്ടിയാണ് കർത്താവ് നമ്മുടെ ജീവിതത്തിൽ അഗ്നിച്ചൂളകൾ അനുവദിക്കുന്നത്.**

**അവസാനം നാം ദൈവത്തിന്റെ കരങ്ങളാൽ എടുത്ത് ഉപയോഗപ്പെടുന്ന മനോഹരമായ പാത്രമായി മാറ്റപ്പെടും. അതുകൊണ്ട് കളിമണ്ണിനെപോലെ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം.**

**തുടരും...**



## Soul Detox

# നീട്ടിവയ്ക്കൽ!

## PROCRASTINATION



"കാത്തിരുന്ന് കാണാം. നാളെ ചെയ്യാം ..." എന്ന ചിന്താഗതി ഈ അന്ത്യ നാളുകളിൽ യൗവനക്കാർക്കിടയിൽ പ്രബലമാണ്...! അത് നമ്മുടെ ആത്മീയ ശക്തിയെ ചോർത്തുന്നു. സമ്മർദ്ദത്തിനും കുറ്റബോധത്തിനും കാരണമാകുന്നു. ആത്മവിശ്വാസം നഷ്ടപ്പെടുത്തുന്നു. കാലക്രമേണ അത് നമ്മുടെ ജീവിതലക്ഷ്യത്തെ ദുർബലപ്പെടുത്തുകയും "നാം എന്തിനുവേണ്ടിയാണ് ജീവിക്കുന്നത്?" എന്ന ആശയക്കുഴപ്പം സൃഷ്ടിക്കുകയും ചെയ്യുന്നു.

ഇതൊരു സാധാരണ ശീലമായി തോന്നാമെങ്കിലും, ഇത് നമ്മുടെ വ്യക്തിപരമായ വളർച്ചയെ തടസ്സപ്പെടുത്തുകയും ബന്ധങ്ങളിൽ തകർച്ചയ്ക്ക് കാരണമാവുകയും, നിരവധി അവസരങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്യും. ഈ മാനസികാവസ്ഥ നിങ്ങളെ വ്യതിചലിപ്പിക്കാനുള്ള പിശാചിന്റെ തന്ത്രമാണ്! - ഇന്ന് തന്നെ നിങ്ങൾക്ക് ഇതിൽ നിന്ന് വിടുതൽ ആവശ്യമാണ്!

ഈ മാനസികാവസ്ഥയുടെ അടിസ്ഥാന കാരണം ഭയവും ശരിയായ മാർഗനിർദേശത്തിന്റെ അഭാവവുമാണ്. പ്രധാനമായി, എല്ലാ കാര്യത്തിലും Perfection പ്രതീക്ഷിക്കുന്നു, എന്നാൽ അത് ചെയ്യാൻ സാധിക്കുന്നില്ല. നമ്മുടെ ദൈവം എല്ലാം അതിന്റെ സമയത്ത് ചന്തവും ഉചിതവുമായി നിറവേറ്റുന്നു. ആ ദൈവത്തിന്റെ മക്കളായ നാമും ആ ദൈവത്തെപ്പോലെ എല്ലാം കാര്യങ്ങളും ക്രമമായി ചെയ്യേണ്ടത് അത്യാവശ്യമാണ്. അതേസമയം കർത്താവ് 5 അപ്പവും 2 മീനും

അനുഗ്രഹിച്ച് അയ്യായിരം പേർക്ക് അനുഗ്രഹമാക്കി മാറ്റി. അതുകൊണ്ട്, എന്തെങ്കിലും നന്നായി ചെയ്യണമെന്ന ആഗ്രഹത്തോടെ, നമ്മുടെ പരിശ്രമം ദൈവത്തിന് സമർപ്പിച്ചാൽ (സങ്കീ 37:5) ദൈവം അതിനെ അനുഗ്രഹിക്കുകയും പൂർണതയിൽ എത്തിക്കുകയും ചെയ്യും! നാം ചെയ്യേണ്ടത് നാം ചെയ്താൽ, ദൈവം ചെയ്യേണ്ടത് ദൈവം ചെയ്യും!




## സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ:

ആദ്യം, നിങ്ങൾ എന്ത് ചെയ്യുന്നതാണ് ഒഴിവാക്കുന്നത്, വൈകിപ്പിക്കുന്നത്, മാറ്റിവയ്ക്കുന്നത് എന്ന് കണ്ടെത്തണം. രണ്ടാമതായി, "പിന്നെ ചെയ്യാം" എന്ന് പറയുന്നതിന് പകരം," ചെറിയ കാര്യമാണെങ്കിൽ പോലും ഇപ്പോൾ തന്നെ തുടങ്ങാം" എന്ന രീതിയിലേക്ക് നിങ്ങളുടെ മാനസികാവസ്ഥയെ മാറ്റണം.

മൂന്നാമതായി, നിങ്ങളുടെ ജീവിതത്തിന്റെ ലക്ഷ്യത്തെയും നിങ്ങൾ മാറ്റിവയ്ക്കുന്ന കാര്യത്തിന്റെ ലക്ഷ്യത്തെയും കുറിച്ച് ഓർത്തുകൊൾവിൻ. Purpose fuels action! പ്രാർത്ഥനയിലൂടെയും തിരുവെഴുത്ത് വായനയിലൂടെയും ഈ കാര്യങ്ങൾ ചെയ്യുമ്പോൾ ദൈവത്തിൽ നിന്ന് ശരിയായ ഉപദേശം പ്രാപിക്കുകയും വേഗത്തിൽ ഇത് സാധ്യമാകുകയും ചെയ്യും!

**ഇത് വായിക്കുന്ന നിങ്ങൾക്ക് ദൈവം ധാരാളം കഴിവുകൾ നൽകിയിട്ടുണ്ട്. കാലങ്ങൾ ദുഷ്കരമായതുകൊണ്ട് സമയം പരമാവധി പ്രയോജനപ്പെടുത്തുവിൻ. നിങ്ങളുടെ കഴിവുകൾ ദൈവത്തിനായി ഉപയോഗിക്കുവിൻ ഓരോരുത്തർക്കും അവനവന്റെ പ്രവൃത്തിക്കനുസരിച്ച് പ്രതിഫലം നൽകാൻ കർത്താവായ യേശു വേഗം വരും!**





# നിറഞ്ഞ പാത്രങ്ങൾ

## കല്പാത്രങ്ങൾ



കാനാവിലെ കല്യാണ വീട്ടിൽ, വീടിന് പുറത്ത് വച്ചിരുന്ന ആറ് കല്പാത്രങ്ങളിൽ വെള്ളം നിറയ്ക്കാൻ യേശു ദാസന്മാരോട് പറഞ്ഞു. അവർ ഉടനെ അനുസരിച്ചു, പാത്രങ്ങളിൽ ധാരാളം വെള്ളം നിറച്ചു. അത് വിളമ്പിയപ്പോൾ വീഞ്ഞായി മാറിയിരുന്നു. അത് വളരെ രുചികരമായിരുന്നു. സംശയിക്കാതെ, ചോദ്യം ചെയ്യാതെ അവർ യേശു പറഞ്ഞതുപോലെ ചെയ്തതുകൊണ്ട്, കല്പാത്രങ്ങൾ നിറഞ്ഞു (യോഹന്നാൻ 2:7).

**പ്രിയ യൗവനക്കാരെ, അതുപോലെ മൺപാത്രങ്ങളായ നമ്മുടെ പാത്രങ്ങളും നിറയേണ്ടതിന്, കർത്താവിന്റെ വചനം ഉടനടി അനുസരിക്കണം (യോഹന്നാൻ 2:1-7).**

## കൊട്ടകൾ

ഒരു മലയിൽ കയറി പ്രസംഗിച്ച യേശു, ജനക്കൂട്ടത്തോട് അനുകമ്പ കാണിക്കുകയും തന്റെ ശിഷ്യന്മാരോട് അവർക്ക് ഭക്ഷണം കൊടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ശിഷ്യന്മാർ ഒരു കൊച്ചുകുട്ടിയെ ചൂണ്ടിക്കാണിച്ചപ്പോൾ, നന്ദിയുള്ള ഹൃദയത്തോടെ അവൻ 5 അപ്പവും 2 മീനും യേശുവിന് നൽകി. യേശു അതെടുത്ത് പിതാവിന് നന്ദി പറഞ്ഞു പങ്കിട്ടുകൊടുത്തു. എല്ലാം തിന്നു ശേഷിച്ച കഷണം പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു (യോഹ. 6:11).

**പ്രിയ യൗവനക്കാരെ, ദാവീദിന്റെ പാനപാത്രം നിറഞ്ഞു കവിയുന്നു എന്നു പറഞ്ഞതിന്റെ പ്രധാന കാരണം അദ്ദേഹം കർത്താവിന് വളരെയധികം നന്ദി പറഞ്ഞതുകൊണ്ടാണ്. നാം നന്ദി പറയുമ്പോൾ, നമ്മുടെ പാനപാത്രവും കർത്താവിന്റെ വചനത്താലും സാന്നിധ്യത്താലും നിറയപ്പെടും (യോഹന്നാൻ 6, സങ്കീർത്തനം 4:6).**



## കലം

ക്ഷാമകാലത്ത് ദൈവപുരുഷനായ ഏലിയാവിനെ സാരെഫാത്തിലെ വിധവയുടെ അടുക്കലേക്ക് കർത്താവ് അയച്ചപ്പോൾ, ആ സ്ത്രീയുടെ കൈവശം കലത്തിൽ ഒരുപിടി മാവും തുരുത്തിയിൽ അല്പം എണ്ണയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. മരണത്തിന് തയാറെടുത്തുകൊണ്ടിരുന്ന അവളുടെ അടുത്തേക്ക് ഏലിയാവിലൂടെ കർത്താവ് അവൾക്ക് വാഗ്ദത്തം നൽകി. ആ വാക്കുകളിൽ അവൾ വിശ്വസിച്ചതിനാൽ, ക്ഷാമകാലത്ത് അവളും അവളുടെ മകനും രക്ഷപ്പെട്ടു. ഭരണിയിൽ എണ്ണയും മാവും തീർന്നുപോയില്ല. അത് നിറഞ്ഞിരുന്നു (1 രാജാ. 17:16).

**പ്രിയ യൗവനക്കാരെ, സംശയിക്കാതെ, വിഷമിക്കാതെ, തളർന്നുപോകാതെ നാം കർത്താവിലും കർത്താവിന്റെ വചനത്തിലും വിശ്വസിക്കുമ്പോൾ നാം ആത്മീയ അനുഗ്രഹങ്ങളാൽ നിറയപ്പെടും (1 രാജാ. 17:8-16).**



## ഭരണി

ഒരു പ്രവാചകന്റെ ഭാര്യ തന്റെ ഭർത്താവിന്റെ മരണശേഷം കടബാധ്യത നേരിട്ടപ്പോൾ, "എന്റെ ഭർത്താവ് മരിച്ചുപോയി; നിന്റെ ദാസൻ യഹോവാഭക്തനായിരുന്നു ഇപ്പോൾ കടക്കാരൻ എന്റെ രണ്ടു മക്കളെ പിടിച്ച് അടിമകളാക്കുവാൻ വന്നിരിക്കുന്നു" എന്ന് എലീശയോട് നിലവിളിച്ചു.



"നിനക്ക് എന്തുള്ളൂ?" എന്ന് എലീശാ ചോദിച്ചപ്പോൾ, ഒരു ഭരണി എണ്ണമാത്രമേ അടിയന്റെ കൈവശമുള്ളൂ എന്ന് പറഞ്ഞു. എലീശാ പറഞ്ഞതുപോലെ, അയൽക്കാരോടൊക്കെയും വെറുമ്പാത്രങ്ങൾ വാങ്ങി, വാതിൽ അടച്ച്, അവളും മക്കളും പാത്രങ്ങളിലൊക്കെയും എണ്ണ പകർന്നു. അത് വിറ്റ് കടം വീട്ടി സന്തോഷത്തോടെ ജീവിച്ചു.

**പ്രിയ യൗവനക്കാരെ, നമുക്കുള്ളത് അതുപോലെ കർത്താവിനോട് പറഞ്ഞാൽ, നമ്മുടെ സത്യസന്ധത കണ്ട്, മറ്റുള്ളവരുടെ പാത്രങ്ങൾ നിറയ്ക്കാൻ നമ്മുടെ പാത്രം ഉപയോഗിക്കും (2 രാജാ. 4:1-7).**

# സമൂഹത്തിന്റെ അപ്പങ്ങൾ

**1800കളിലേക്ക് ഒന്ന് തിരിഞ്ഞു നോക്കൂ... അന്ന് വിമാനങ്ങൾ ഉണ്ടായിരുന്നില്ല. വിദേശ യാത്രയ്ക്ക് കപ്പലായിരുന്നു ഏക മാർഗം. കുടുംബങ്ങൾ ഉപേക്ഷിച്ച് വിദേശത്തേക്ക് പോയ പലരും തിരിച്ചുവരാത്ത കാലമായിരുന്നു അത്.**

ആ സമയത്ത്, എലൻ അർനോൾഡ് എന്ന യുവതി നാല് ഓസ്ട്രേലിയൻ ബാപ്റ്റിസ്റ്റ് സ്ത്രീകളോടൊപ്പം ദൈവശുശ്രൂഷ ചെയ്യാൻ ബ്രിട്ടീഷ് ഇന്ത്യയിലെ കിഴക്കൻ ബംഗാളിൽ (ഇന്നത്തെ ബംഗ്ലാദേശ്) എത്തി. 20 വയസ്സുള്ള അഞ്ച് സ്ത്രീകളും ഇന്ത്യയിൽ കർത്താവിന് ഹിതമല്ലാത്ത ആരാധന ചെയ്യുന്നവരുടെ മദ്ധ്യത്തിൽ, പ്രത്യേകിച്ച് സ്ത്രീകൾക്കിടയിൽ, സത്യദൈവത്തെ അറിയിക്കുന്നതിനായി മിഷനറിമാരായി പുറപ്പെട്ടുവന്നു.

എലൻ ഇംഗ്ലണ്ടിലാണ് ജനിച്ചതെങ്കിലും, അവരുടെ കുടുംബം 1879ൽ സൗത്ത് ഓസ്ട്രേലിയയിലെ അഡലെയ്ഡിലേക്ക് കുടിയേറി. അവർ അവിടെ അദ്ധ്യാപികയായി ജോലി ചെയ്തു. ആ സമയത്ത് കിഴക്കൻ ബംഗാളിലെ ഫരീദ്പൂർ മിഷനിൽ നിന്നുള്ള Punchanon Biswas ഓസ്ട്രേലിയ സന്ദർശിക്കുകയും അവിടത്തെ പള്ളികളോട് അവരുടെ സ്ത്രീകളെ ഇന്ത്യയിലേക്ക് മിഷനറിമാരായി അയയ്ക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇത് എലന്റെ ദൈവവിളി സ്ഥിരീകരിച്ചു.

ഒരു ചെറിയ വൈദ്യ പരിശീലനത്തിനു ശേഷം, 1882ൽ ഇന്ത്യയിലെ ഫരീദ്പൂരിൽ എത്തിയപ്പോൾ എലൻ പ്രദേശിക ഭാഷയിൽ പ്രാക്ടീസ് ആരംഭിച്ചു. എന്നാൽ കഠിനമായ ശാരീരിക അസ്വസ്ഥത ബാധിച്ച്, 1884ൽ അവർ ഓസ്ട്രേലിയയിലേക്ക് മടങ്ങാൻ നിർബന്ധിതയായി. എന്നിരുന്നാലും, ക്രിസ്തുവിനെ സേവിക്കാനുള്ള അവരുടെ ജ്വലിക്കുന്ന ആഗ്രഹം 1885ൽ തന്റെ ശുശ്രൂഷയിൽ സഹായിക്കാനായി മറ്റ് നാല് സ്ത്രീകളോടൊപ്പം ബംഗാളിലേക്ക് മടങ്ങാൻ അവളെ പ്രേരിപ്പിച്ചു. കർത്താവായ യേശുക്രിസ്തു അഞ്ച് അപ്പവും രണ്ട് മീനും കൊണ്ട് ജനക്കൂട്ടത്തിന് ഭക്ഷണം നൽകിയ അത്ഭുതത്തെ പരാമർശിച്ച് ഈ അഞ്ച് സ്ത്രീകളെ സ്നേഹപൂർവ്വം "The Five Barley Loaves" എന്ന് വിളിച്ചിരുന്നു. അവർ പുറത്തുപോയി സ്ത്രീകളോടൊപ്പം ഇരുന്നു, സംസാരിച്ചു, പ്രാർത്ഥിച്ചു അവരെ തിരുവെഴുത്തുകൾ പഠിപ്പിച്ച് സാവധാനം അവരുടെ ഹൃദയങ്ങൾ തുറക്കാൻ തുടങ്ങി.



എലൻ, ഫ്രിതാൽ എന്നിവർ മെഡിക്കൽ, വിദ്യാഭ്യാസ, സാമൂഹിക പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചു. 1936ൽ അവർ തമിഴ്നാട്ടിലേക്ക് താമസം മാറി. അവിടെ ഒരു ദൗത്യംആരംഭിച്ചു. പബ്ന, അട്ടൈക്കുള എന്നീ പട്ടണങ്ങളിൽ ശുശ്രൂഷ ചെയ്തു.

അവിടെ അവർ സുവിശേഷം അറിയിക്കുന്നത് തുടർന്നു. ജനങ്ങളുടെ ക്ഷേമത്തിനായി നിരവധി സ്കൂളുകളും ആശുപത്രികളും സ്ഥാപിച്ചു. അവരുടെ സേവനത്തിന് നാട്ടുകാർ അവരെ വളരെയധികം സ്നേഹിച്ചു. തുടർന്ന് 1930 ൽ എലൻ അർനോൾഡ് ഓസ്ട്രേലിയയിലേക്ക് പോകുകയും വീണ്ടും അട്ടൈക്കുളയിലേക്ക് മടങ്ങിവരികയും ചെയ്തു. 1931ൽ മരിക്കുന്നതുവരെ അവിടെ അവർ ശുശ്രൂഷ തുടർന്നു.

## എലൻ അർനോൾഡിനെക്കുറിച്ചുള്ള പ്രധാന വസ്തുതകൾ:

സൗത്ത് ഓസ്ട്രേലിയൻ ബാപ്റ്റിസ്റ്റ് മിഷനറി സൊസൈറ്റിയെ പ്രതിനിധീകരിച്ച് അവർ 1882 ഒക്ടോബറിൽ ഇന്ത്യയിലെ ഫരീദ്പൂരിലേക്ക് പോയി.

ഇന്ത്യയിൽ വനിതാ മിഷനറിമാർക്ക് ശുശ്രൂഷ ചെയ്യാൻ അവർ വഴിയൊരുക്കി, പ്രത്യേകിച്ച് പ്രാദേശിക സ്ത്രീകൾക്കിടയിൽ സുവിശേഷീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

ഇന്ത്യയിൽ അവർ കടുത്ത വെല്ലുവിളികൾ നേരിട്ടു. ആരോഗ്യപ്രശ്നങ്ങൾ കാരണം 1884ൽ അവർ ഓസ്ട്രേലിയയിലേക്ക് മടങ്ങി, വീണ്ടും ശുശ്രൂഷയിൽ തിരിച്ചെത്തി. 49 വർഷം ഇന്ത്യയിൽ മിഷനറിയായി ശുശ്രൂഷചെയ്തു. മരിക്കുന്നതിന് മുമ്പ് അവർ പറഞ്ഞ മൂന്ന് വാക്കുകൾ ഇവയായിരുന്നു "Tell them to preach" (അവരോട് പ്രസംഗിക്കാൻ പറയുവിൻ).



*"Tell them to preach"*

## ഇന്നത്തെ യൗവനക്കാർക്കുള്ള വെല്ലുവിളി:

ഈ സ്ത്രീകൾ സാധാരണക്കാരായിരുന്നു. അവർ പ്രശസ്തരായിരുന്നില്ല അവർ ശക്തരായിരുന്നില്ല! പക്ഷേ അവർ ദൈവത്തിന്റെ പദ്ധതിക്ക് സമർപ്പിതരായിരുന്നു. അങ്ങനെ കർത്താവ് അവരെ ഉപയോഗിച്ചു. "ഇന്ന് ആര് പോകും? ആര് സംസാരിക്കും? ഈ തലമുറയോട് ആര് സുവിശേഷം അറിയിക്കും?" എന്ന്കർത്താവ് വീണ്ടും ചോദിക്കുന്നു!

**ഒരു നൂറ്റാണ്ട് മുമ്പ് ദൈവം ആ സ്ത്രീകളെ വിളിച്ചു,
ഇന്ന് കർത്താവ് നിങ്ങളെ വിളിക്കുന്നു!
ശുശ്രൂഷ ചെയ്യാൻ നിങ്ങൾ തയാറാണോ?**

# വീണ്ടും എഴുന്നേൽക്കുമോ?



**ഞാൻ ഊട്ടിയിൽ പഠനം പൂർത്തിയാക്കി ചെന്നൈയിൽ ഒരു ഐടി കമ്പനിയിൽ ജോലി ചെയ്യുന്നു. ഞാൻ കർത്താവിനെ അനുസരിച്ച് വിശുദ്ധ ജീവിതം നയിച്ചിരുന്ന ഒരു യൗവനക്കാരനായിരുന്നു. അടുത്തിടെ ഉണ്ടായ സൗഹൃദങ്ങളും, തെറ്റായ ബന്ധങ്ങളും, മൊബൈൽ ഫോൺ അടിമത്തവും നിമിത്തം മോശമായ കാര്യങ്ങൾ കാണുന്നതിൽ ഞാൻ അടിമയായി. കർത്താവിനെ ശുശ്രൂഷിച്ചിരുന്ന ഞാൻ ഇപ്പോൾ പാപത്തിന്റെ കുഴിയിൽ വീണിരിക്കുന്നു. മാനസാന്തരപ്പെടാൻ പലതവണ ശ്രമിച്ചിട്ടും ഒരു പ്രയോജനവും ഉണ്ടായില്ല. കമ്പനിയിൽ Night shift ജോലി ചെയ്യുന്നു, Morning മുഴുവനും മൊബൈൽ നോക്കുന്നു! ലക്ഷ്യസ്ഥാനമില്ലാതെ ഞാൻ ഓടുകയാണ്. മരണപ്പെട്ടാൽ ഞാൻ എവിടേക്ക് പോകും എന്നൊരു ചോദ്യം പെട്ടെന്ന് ഭയപ്പെടുത്തി. അത് നരകമായിരിക്കും എന്നൊരു ശബ്ദം ഞാൻ കേട്ടു. പക്ഷേ എനിക്ക് ഇനിയൊരു അവസരം ലഭിക്കുമോ?**

**- രഘു, ഊട്ടി.**

**പ്രിയപ്പെട്ട സഹോദരാ, നിങ്ങളുടെ വേദനാജനകമായ ജീവിതം കാണുമ്പോൾ ദുഃഖം തോന്നുന്നു. കർത്താവിനുവേണ്ടി തീക്ഷ്ണതയോടെ ശുശ്രൂഷ ചെയ്ത നിങ്ങൾ, ഇപ്പോൾ നിസ്സഹായനായി പാപത്തിന്റെ കുഴിയിൽ വീണുകിടക്കുന്നത് ദുഃഖകരമാണ്.**

രഘു, നിങ്ങൾ എത്ര ആഴമേറിയ കുഴിയിൽ വീണാലും, യേശുവിന്റെ രക്ഷാകരത്തിന് നിങ്ങളെ ഉയർത്താൻ കഴിയും. തീർച്ചയായും പ്രത്യാശയുണ്ട്! നിങ്ങൾ ചെയ്യേണ്ടത് ഒരു കാര്യം മാത്രമാണ്! ഏത് കുഴിയിൽ ആയാലും യേശുവിനെ വിളിച്ചപേക്ഷിച്ചാൽ മതി; യേശുവിന് നിങ്ങളെ സഹായിക്കാനും ഉയർത്തുവാനും കഴിയും.

പക്ഷേ പലതവണ വീണു എഴുന്നേറ്റിരിക്കുന്നതുകൊണ്ട്, നിനക്ക് യേശുവിനെ വിളിക്കാൻ മനസ്സില്ല. കാരണം, 'എത്ര തവണ ഞാൻ ക്ഷമ ചോദിക്കുന്നു, എത്ര തവണ മാനസാന്തരപ്പെടുന്നു' എന്ന നിരാശയും, മനോവേദനയും നിങ്ങളെ മൗനമാക്കുന്നു. എന്നാൽ അഭയം പ്രാപിച്ചാൽ തീർച്ചയായും വിടുതൽ ലഭിക്കും. ആദ്യം കുഴിയിൽ നിന്ന് എഴുന്നേൽക്കണം എന്ന ചിന്ത കർത്താവ് നിങ്ങൾക്ക് നൽകുന്നു . പലരും തങ്ങളുടെ പാപ ജീവിതവുമായി പൊരുത്തപ്പെടുകയും, ആസ്വദിക്കുകയും, അതിൽ എന്നേക്കും തുടരുകയും ചെയ്യുന്നു. എന്നാൽ ഉയിർത്തെഴുന്നേൽക്കണമെന്ന ചിന്ത നിങ്ങൾക്കുണ്ടാകുന്നതുകൊണ്ട് കർത്താവിനെ സ്തുതിക്കണം.

ഈ പാപക്കുഴിയിൽ എന്നന്നേക്കും തുടരാൻ ഞാൻ ആഗ്രഹിക്കുന്നില്ല യേശുവേ, എന്നെ രക്ഷിക്കണമേ ഉയർത്തണമേ എന്ന് ചോദിക്കാൻ തുടങ്ങണം. സഹായം ചോദിച്ചാൽ തീർച്ചയായും വിടുതൽ ലഭിക്കും.

യേശു നിങ്ങളെ കുഴിയിൽ നിന്ന് ഉയർത്തിയതിനുശേഷം, പ്രാപിച്ച വിടുതൽ നിലനിർത്താൻ നിങ്ങൾ ചെയ്യേണ്ട ചില കാര്യങ്ങൾ ഇതാ:



## ഉപേക്ഷിക്കേണ്ട കാര്യങ്ങൾ:

► രാത്രി മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് ഒഴിവാക്കുക.അനാവശ്യമായി റീചാർജ് ചെയ്യരുത്.

► വീഡിയോ കാണുന്നതാണ് നിങ്ങളുടെ പ്രശ്നമെങ്കിൽ,അത് ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

► ആവശ്യമില്ലാത്ത ആപ്പുകൾ ഡിലീറ്റ് ചെയ്യണം. അതായത്, വീഡിയോ കാണാൻ ഡൗൺലോഡ് ചെയ്ത എല്ലാ ആപ്പുകളും ഡിലീറ്റ് ചെയ്യണം.

► തെറ്റായ സ്നേഹിതരുടെ നമ്പറുകൾ ബോക്ക് ചെയ്യുന്നത് നല്ലതാണ്.

► അനാവശ്യ ഗ്രൂപ്പുകളിൽ നിന്ന് നിങ്ങൾ പുറത്തു കടക്കണം.

► **WhatsApp,Instagram, Facebook, snapchat** പോലുള്ള വീഡിയോ കാണാൻ ഉപയോഗിക്കുന്ന എല്ലാ ആപ്പുകളും **Uninstall** ചെയ്യണം.

► എല്ലാറ്റിനുമുപരി, ഒറ്റയ്ക്കിരിക്കുന്നത് ഒഴിവാക്കണം. അതാണ് നമ്മെ പല പാപങ്ങളിലേക്കും നയിക്കുന്നത്.



## വീണ്ടും പരിശ്രമിക്കാൻ:

► നിങ്ങളുടെ ഐടി കമ്പനിയിൽ സ്വയം **Update** ചെയ്യാൻ ചില പരിശീലനങ്ങൾക്ക് പോകാം.



► നിങ്ങളുടെ മേഖലയിൽ മുന്നേറാൻ നിങ്ങൾക്ക് പങ്കെടുക്കാവുന്ന പരിശീലനത്തെക്കുറിച്ച് **Research** ചെയ്ത് നിങ്ങൾക്ക് ഉപയോഗപ്രദമായ പരിശീലനം **HR Team**നോട് **Recommend** ചെയ്യാം.

► നിങ്ങളുടെ ശ്രദ്ധ വീഡിയോകളിൽ നിന്ന് പുസ്തകങ്ങൾ, പഠനം, **Extra skill set Training, online training** എന്നിവയിലേക്ക് നിങ്ങൾ തന്നെ **Register** ചെയ്യുവിൻ.

► ഇത്തരത്തിൽ നിങ്ങളെ **Busy**ഉം, **engaging**ഉം ആക്കുമ്പോൾ, **self-confidence**ഉം **encouragement**ഉം നിങ്ങളിൽ ഉണ്ടാകാൻ സാധ്യതയുണ്ട്.

**അതിനുമപ്പുറം നാം വിശുദ്ധ ജീവിതം നയിക്കുന്നു എന്ന സന്തോഷവും ആത്മവിശ്വാസവും നിങ്ങളെ നവോന്മേഷത്തോടെ പ്രവർത്തിക്കാൻ സഹായിക്കും.**

**അതുകൊണ്ട് ഇതൊക്കെ പതിവായി പരീക്ഷിച്ചു നോക്കുവിൻ. പാപത്തിന്റെ കുഴിയിൽ വീണ്ടും വീഴാതെ, വിശുദ്ധ ജീവിതം നയിക്കുവാൻ ആശംസിക്കുന്നു!**

**യൂദാ 1:24 വചനമനുസരിച്ച്, വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു, തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ള കർത്താവിനെ വിളിച്ചപേക്ഷിച്ച് ജയം പ്രാപിക്കുവിൻ!**



# വരുവിൻ പ്രാർത്ഥിക്കാം – ജൂൺ 2026

## കുഞ്ഞുങ്ങളും വിദ്യാഭ്യാസവും

► ദാരിദ്ര്യം നിമിത്തം വിദ്യാഭ്യാസം നഷ്ടപ്പെട്ട കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ലഭിക്കുവാനും, സ്കൂളിൽ പോകാൻ കഴിയാത്ത കോടിക്കണക്കിന് കുഞ്ഞുങ്ങളുടെ ഭാവി കർത്താവ് സംരക്ഷിക്കുവാനും, ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കുവാനും, വിദ്യാഭ്യാസ സമ്പ്രദായം മെച്ചപ്പെടുവാനും പ്രാർത്ഥിപ്പിൻ.



► **വിദ്യാഭ്യാസത്തിന് ആവശ്യമായ ഫണ്ടുകളും, പുസ്തകങ്ങളും, ഉപകരണങ്ങളും ലഭ്യമാകുന്നതിനും, എല്ലാ രാജ്യങ്ങളും കുഞ്ഞുങ്ങൾക്ക് സൗജന്യവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം നൽകുന്നതിനും, കുടുംബങ്ങളുടെ വരുമാനം വർദ്ധിച്ച് കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് പിന്തുണ ലഭിക്കുന്നതിനും പ്രാർത്ഥിപ്പിൻ.**

► മെഡിസിൻ, എഞ്ചിനീയറിംഗ് തുടങ്ങിയ ഉന്നത വിദ്യാഭ്യാസ കോഴ്സുകളിൽ പ്രവേശനം നേടാൻ ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ കഠിനാധ്വാനം ചെയ്യുന്നുണ്ടെങ്കിലും യോഗ്യത നേടിയിട്ടും അവസരം നഷ്ടപ്പെടുന്ന സ്ഥിതി മാറുവാനും, ക്രമക്കേടുകളും പിൻവാതിലുകളിലൂടെയുള്ള പ്രവേശനവും തടയപ്പെടുവാനും, അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ന്യായമായ വിദ്യാഭ്യാസ അവസരങ്ങൾ ലഭിക്കുവാനും പ്രാർത്ഥിപ്പിൻ.

## സർക്കാർ ആശുപത്രികൾ




**സർക്കാർ ആശുപത്രികളിൽ നല്ല ആരോഗ്യ അന്തരീക്ഷം ഉണ്ടാകുവാനും, ആധുനിക ചികിത്സാ സൗകര്യങ്ങൾ സ്ഥാപിക്കപ്പെടാനും, കഴിവുള്ള ഡോക്ടർമാർ സേവന മനോഭാവത്തോടെ പ്രവർത്തിക്കുവാനും, കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടുപോകൽ, അക്രമം, മോഷണം തുടങ്ങിയ അനീതികൾ പൂർണ്ണമായും അവസാനിക്കാനും, ജീവനക്കാർ സത്യസന്ധമായും ഉത്തരവാദിത്തത്തോടും പ്രവർത്തിക്കാൻ വേണ്ടിയും പ്രാർത്ഥിപ്പിൻ.**

## കുഞ്ഞുങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ



► **കുഞ്ഞുങ്ങൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ പൂർണ്ണമായും ഇല്ലാതാകുവാനും, പാപചിന്തകൾ ഉണർത്തുന്ന ദുഷ്ടശക്തികൾ നശിപ്പിക്കപ്പെടാനും, കുഞ്ഞുങ്ങളെ ദ്രോഹിക്കുന്നവർ മാനസാന്തരപ്പെട്ട് യേശുവിനെ സ്വീകരിക്കുവാനും പ്രാർത്ഥിപ്പിൻ.**

► **കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടുപോയി വിൽക്കുകയും, വേശ്യാവൃത്തിക്ക് നിർബന്ധിക്കുകയും**



ചെയ്യുന്നതുപോലുള്ള അനീതികൾ പൂർണ്ണമായും അവസാനിക്കുവാനും, ബാധിക്കപ്പെട്ട കുഞ്ഞുങ്ങൾ രക്ഷപ്പെടുവാനും സംരക്ഷിക്കപ്പെടുവാനും പ്രാർത്ഥിപ്പിൻ.

► സ്കൂളുകളിലെ ലൈംഗിക പീഡനം പൂർണ്ണമായും അവസാനിക്കാനും, വിദ്യാർത്ഥികൾ, അധ്യാപകർ, വാഹന ഡ്രൈവർമാർ എന്നിവരുടെ തെറ്റായ പ്രവർത്തനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും, എല്ലാ കുഞ്ഞുങ്ങൾക്കും സംരക്ഷണവും അനുഗ്രഹവും ലഭിക്കാനും പ്രാർത്ഥിപ്പിൻ.

## ആരോഗ്യവും പരിസ്ഥിതിയും



► വായു മലിനീകരണം നിമിത്തം ഗർഭസ്ഥ ശിശുക്കൾ മുതൽ വൃദ്ധർ വരെയുള്ള എല്ലാവരിലും ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ മാറുവാനും, ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ നിമിത്തം ഉണ്ടാകുന്ന മരണങ്ങൾ കുറയുവാനും കുഞ്ഞുങ്ങൾ സംരക്ഷിക്കപ്പെടാനും പ്രാർത്ഥിപ്പിൻ.

► ലോകത്തിൽ ഏറ്റവും കൂടുതൽ വായു മലിനീകരണമുള്ള രാജ്യങ്ങളിലൊന്നായ നമ്മുടെ രാജ്യത്ത്, ഡൽഹി, ബീഹാർ, ഉത്തർപ്രദേശ് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വർദ്ധിച്ചുവരുന്ന മലിനീകരണം നിയന്ത്രിക്കപ്പെടാനും, ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കപ്പെടാനും പ്രാർത്ഥിപ്പിൻ.



► തുടർച്ചയായ കാലാവസ്ഥാ വ്യതിയാനം നേരിടാൻ ലോകരാഷ്ട്രങ്ങൾ ഒരുമിച്ച് പ്രവർത്തിക്കാനും, ആഗോളതാപനം തടയാൻ ഉചിതമായ നടപടികൾ സ്വീകരിക്കുവാനും, പ്രകൃതി ദുരന്തങ്ങളിൽ നിന്ന് ജനങ്ങൾ സംരക്ഷിക്കപ്പെടാനും പ്രാർത്ഥിപ്പിൻ.

## പ്രായപൂർത്തിയാകാത്തവരും സാമൂഹികസ്ഥിതിയും



► കുഞ്ഞുങ്ങൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെടാതെ ശരിയായ പാതയിൽ നടക്കുവാനും, ദുശ്ശീലങ്ങൾ, അക്രമാസക്തമായ ചിന്തകൾ, തെറ്റായ സൗഹൃദങ്ങൾ എന്നിവ ഇല്ലാതാകുവാനും, സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും അച്ചടക്കവും സദ്ഗുണം വളർത്തുന്ന സ്ഥലങ്ങളായി മാറുവാനും പ്രാർത്ഥിപ്പിൻ.



► സമൂഹ മാധ്യമങ്ങൾ, സിനിമകൾ, തെറ്റായ സാംസ്കാരിക സ്വാധീനങ്ങൾ എന്നിവയുടെ ദുഷ്ടതയിൽ നിന്ന് യൗവനക്കാർ സംരക്ഷിക്കപ്പെടാനും, കുടുംബ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും, രാജ്യത്ത് വിശുദ്ധിയും നീതിയും നിലനിൽക്കാനും പ്രാർത്ഥിപ്പിൻ.

# ഞാനും IAS!!

**പല തവണ UPSC exam എഴുതി പാസായി, ഇപ്പോൾ റെയിൽവേയിൽ ഓഫീസറായി ജോലി ചെയ്യുന്ന സഹോദരൻ ഫെലിക്സിന്റെ ജീവിതയാത്രയെക്കുറിച്ച് അദ്ദേഹത്തിൽ നിന്ന് കേൾക്കാൻ നിങ്ങൾക്ക് താൽപര്യമുണ്ടോ വരുവിൻ കേൾക്കാം.**



### നിങ്ങളുടെ ബാല്യകാലത്തെയും വിദ്യാഭ്യാസത്തെയും കുറിച്ച് പറയാമോ?

തൂത്തുക്കുടി ജില്ലയിലെ മേലപ്പനൈക്കുളം എന്ന ഗ്രാമത്തിലെ ഒരു ഇടത്തരം കുടുംബത്തിലാണ് ഞാൻ ജനിച്ചു വളർന്നത്. എന്റെ കുടുംബത്തിൽ ഏക ആൺകുട്ടിയാണ് ഞാൻ. എന്റെ മാതാപിതാക്കൾ കുട്ടിക്കാലത്ത് തന്നെ എന്നെ ഒരു **Matriculation** സ്കൂളിൽ വളരെ കഷ്ടപ്പെട്ട് പഠിപ്പിച്ചു. 9-ാം ക്ലാസ് വരെ എനിക്ക് പഠനത്തിൽ വലിയ താൽപര്യം ഉണ്ടായിരുന്നില്ല. അങ്ങനെ ആയിരുന്നപ്പോൾ, സ്കൂളിൽ നടന്ന പ്രാർത്ഥനാ ഗ്രൂപ്പിൽ ഞാനും പ്രാർത്ഥിച്ചു. പ്രാർത്ഥനയോടെ പഠിക്കണം എന്നു പറഞ്ഞ് എന്റെ മാതാപിതാക്കളും എന്നെ പ്രോത്സാഹിപ്പിച്ചു. അങ്ങനെ പത്താം ക്ലാസിൽ രണ്ട് വിഷയങ്ങളിൽ **centum**ഉം, 12-ാം ക്ലാസിൽ **Maths** ൽ **centum**ഉംനേടി **school first** ആയി. 12-ാം ക്ലാസ് പൂർത്തിയാക്കിയ ശേഷം **Automobile Engineering** പഠിക്കാൻ ആഗ്രഹിച്ചു., അതിലും **gold medal** നേടി. എനിക്ക് കാറുകൾ വളരെ ഇഷ്ടമാണ്. അവയിൽ ധാരാളം **designs, inventions** ചെയ്യണമെന്ന് സ്വപ്നം എനിക്കുണ്ടായിരുന്നു. അതിനായി ചെറുപ്പം മുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് പഠിച്ചു.

### ശരി... നിങ്ങളുടെ ബാല്യകാല സ്വപ്നം സാക്ഷാത്കരിച്ചോ? നിങ്ങൾ അതിലേക്ക് സഞ്ചരിച്ചോ?

നല്ലൊരു കമ്പനിയിൽ ജോലി ചെയ്ത് അടുത്ത ലെവലിലേക്ക് പോകണമെന്ന സ്വപ്നവുമായി ഞാൻ എന്റെ **Resume** പല കമ്പനികൾക്കും അയച്ചുകൊടുത്തു, **interview attend** ചെയ്തു. ഇന്റർവ്യൂവിന് ശേഷം 'നിങ്ങളെ **Recommendation** ചെയ്യാൻ കഴിയുന്ന ആരെങ്കിലും കമ്പനിയിൽ ഉണ്ടോ?' എന്ന് ചോദിക്കും. എനിക്ക് ശുപാർശ ചെയ്യാൻ ആരുമില്ല, പണവുമില്ല! എന്തുചെയ്യണമെന്ന് അറിയാതിരുന്നപ്പോൾ, കൊറോണ കാലത്ത് **uncle** പ്രാർത്ഥിക്കുമ്പോൾ "കർത്താവേ, എനിക്കുവേണ്ടി **Recommend** ചെയ്യണമേ, ഒരു ചെറിയ ഗ്രാമത്തിൽ നിന്ന് എന്നെ കൊണ്ടുവന്ന് ഉയർത്തി **University**യിൽ **Gold medal** നേടാൻ സഹായിച്ചു. എന്നാൽ ഇപ്പോൾ എന്തിനാണ് അങ്ങ് എന്നെ ഇത്രയധികം ബുദ്ധിമുട്ടിക്കുന്നത്? ഞാൻ എന്ത് തെറ്റാണ്




ഞാൻ പരാജയപ്പെട്ടത്. 'ഇതുവരെ കർത്താവ് എനിക്ക് വിജയം തന്നു, ഇപ്പോൾ പരാജയം നേരിടുന്നല്ലോ' എന്ന് ഞാൻ വളരെ ദുഃഖിതനായി. എന്റെ ആദ്യ ശ്രമമായതുകൊണ്ട് അതിന്റെ ആഘാതം വലുതായിരുന്നില്ല. ഞാൻ വീണ്ടും പഠിച്ചു, 3 തവണ അഭിമുഖം വരെ എത്തി പരാജയപ്പെട്ടു. എന്റെ ബന്ധുക്കളുടെ പരിഹാസത്തോടുള്ള വാക്കുകൾ കേട്ട് വളരെ വിഷാദത്തിലായ സാഹചര്യത്തിൽ, 2025ൽ കർത്താവ് വീണ്ടും എന്നോട് സംസാരിച്ചു: 'ഞാൻ നിന്നെ സന്തോഷവും ആനന്ദവും കാണിക്കും! ഒരു പ്രാവശ്യം ഇത് പരീക്ഷിച്ചുനോക്കൂ' എന്ന് വീണ്ടും എന്നോട് സംസാരിച്ചു. 'ഞാൻ വീണ്ടും പരാജയപ്പെടുമോ' എന്ന് ഭയമുണ്ടായിരുന്നെങ്കിലും, കർത്താവ് എന്നോട് പറഞ്ഞതുകൊണ്ട് അവസാനമായി ഒരിക്കൽ കൂടി ശ്രമിക്കാമെന്ന് നാലാമത്തെ തവണ എഴുതി. കർത്താവ് എനിക്ക് വിജയം നൽകി, ഇന്ന് റെയിൽവേ ഓഫീസർ എന്ന പദവിയിൽ അനുഗ്രഹിച്ചിരിക്കുന്നു.

ചെയ്തത്?" എന്ന്  ഞാനും പ്രാർത്ഥിച്ചു. അപ്പോഴാണ് കർത്താവ്, "നീ എല്ലാകാര്യങ്ങളും എന്നോട് ചോദിച്ച് ചെയ്തു, പക്ഷേ നിന്റെ ജീവിതത്തിനായുള്ള എന്റെ ഹിതം എന്താണെന്ന് നീ എന്നോട് ചോദിച്ചിട്ടില്ലല്ലോ" എന്ന് പറഞ്ഞു. അന്നുമുതൽ ഞാൻ എല്ലാ ദിവസവും പ്രാർത്ഥിക്കാൻ തുടങ്ങി. "ഞാൻ നിന്നെ വലിയൊരു ഓഫീസറാക്കും" എന്ന് കർത്താവ് എന്നോട് പറഞ്ഞു. ഓഫീസറാകാൻ എനിക്ക് ഒരു യോഗ്യതയുമില്ലല്ലോ, ഞാൻ എഞ്ചിനീയറിംഗ് പഠിച്ചു, അഡ്മിനിസ്ട്രേഷനിൽ എനിക്ക് യാതൊരു താൽപര്യവുമില്ല. എന്നാൽ കർത്താവ് പറഞ്ഞതുകൊണ്ട് **Civil Service** എഴുതിയാൽ **IAS** അല്ലെങ്കിൽ **IPS** ആകാൻ കഴിയുമെന്ന് വ്യക്തമായി.

### സൂപ്പർ... UPSC exam എഴുതാൻ ആലോചന നൽകിയ കർത്താവ്, UPSC എഴുതിയതിൽ വിജയിപ്പിച്ചോ?

'**UPSC** പഠിക്കാമോ?' എന്ന് ഞാൻ കർത്താവിനോട് ചോദിച്ചപ്പോൾ, കർത്താവ് തന്റെ ദാസന്മാരിലൂടെ എനിക്ക് ഉറപ്പുനൽകി. അങ്ങനെ ഞാൻ സിവിൽ സർവീസ് പരീക്ഷയ്ക്ക് പഠിക്കാൻ തുടങ്ങി. ആദ്യ ശ്രമത്തിൽ തന്നെ **Prelims, Mains, interview** വരെ എത്തി. കർത്താവ് വളരെ മനോഹരമായി നയിച്ചു!  ഇനി വിജയിക്കുമെന്ന് കരുതിയപ്പോഴാണ്, 10-15 മാർക്കിന് അഭിമുഖത്തിൽ

### സൂപ്പർ ... ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് പഠിച്ച് വ്യത്യസ്തമായ സ്വപ്നം ഉണ്ടായിരുന്നിട്ടും എങ്ങനെയാണ് UPSC പഠിക്കണമെന്ന് ആഗ്രഹം തോന്നിയത് ?



കോളേജ് പഠനം കഴിഞ്ഞതിനുശേഷം ഞാൻ വളരെ ബുദ്ധിമുട്ടുള്ള ഒരു ജോലി ചെയ്യുകയായിരുന്നു.  കോവിഡിന് മുമ്പ്, ഒരു കളക്ടർ ഞങ്ങളുടെ ഗ്രാമത്തിൽ വന്ന് ക്ഷേമ പ്രവർത്തനങ്ങൾ ചെയ്യുന്നത് കണ്ടിട്ട്, "നിനക്ക് ഒരു കളക്ടറായിക്കൂടേ?" എന്ന് എന്റെ പിതാവ് എന്നോട് ചോദിച്ചു. അതിനായി തയാറെടുക്കുന്നവർ **prepare** ചെയ്യുന്നത് കണ്ട് "അതൊരു സാധാരണ കാര്യമല്ല" എന്ന് ഞാൻ പറഞ്ഞു.  എന്നാൽ അതേസമയം, കർത്താവ്

എന്നോട് സംസാരിക്കാൻ തുടങ്ങി. പതുക്കെ പതുക്കെ കർത്താവിന്റെ ഹിതം മനസ്സിലാക്കി, എന്റെ പിതാവിന്റെ സ്വപ്നം സാക്ഷാത്കരിക്കാൻ **UPSC** പഠിക്കാൻ തുടങ്ങി.

### Wow! ഇത് രസകരമായിരിക്കുന്നു! UPSCക്ക് പഠിക്കുമ്പോൾ നിങ്ങൾ ധാരാളം പ്രശ്നങ്ങളും അപമാനവും നേരിട്ടിട്ടുണ്ടാകും. നിങ്ങൾ അത് എങ്ങനെ അതിജീവിച്ചു?

എഞ്ചിനീയറിംഗ് പഠനത്തിന്റെ കാര്യമാണെങ്കിൽ **Professors, Friends** എന്നിങ്ങനെ ആരോടെങ്കിലും ചോദിക്കാം. പക്ഷേ എന്റെ കുടുംബത്തിൽ ആരും **Civil Service** പഠിച്ചിട്ടില്ല. എന്റെ കുടുംബത്തിലെ ആദ്യത്തെ **Civil Servant** ഞാനാണ്. അതുകൊണ്ട് എങ്ങനെ പഠിക്കണമെന്ന് എന്നെ **guide** ചെയ്യാൻ ആരുമില്ല. "ഞാൻ എന്ത് ചെയ്യണം?" എന്ന് പ്രാർത്ഥിച്ചപ്പോൾ, ചില ആളുകളിൽ നിന്ന് എനിക്ക് ലഭിച്ച **Links** ലൂടെ എങ്ങനെ തുടങ്ങണമെന്ന് മനസ്സിലാക്കി, **Self- preparation** നടത്തി. ആദ്യപടി **(First Phase)** എടുത്ത് വച്ചപ്പോൾ പ്രയാസമായിരുന്നു. ഞാൻ ചില **attempts** നടത്തുമ്പോൾ, 'അതിനെല്ലാം യോഗ്യത വേണം' എന്ന ചിലരുടെ വാക്കുകൾ എന്നെ വേദനിപ്പിച്ചു. പക്ഷേ കർത്താവ് എന്നോടുകൂടെ ഉണ്ടായിരുന്നതുകൊണ്ട്, ആ അപമാനങ്ങൾ അതിജീവിക്കാൻ കഴിഞ്ഞു.



### ശരി... മനോഹരമായി നിങ്ങളെ നയിച്ചു. ഇന്ന് ഇത് വായിക്കുന്ന യൗവനക്കാരോട് നിങ്ങൾ എന്താണ് പറയാൻ ആഗ്രഹിക്കുന്നത്?

**UPSC** ബുദ്ധിമുട്ടാണെന്ന് ചിന്തിക്കരുത്. കഴിവുള്ളവരെ കണ്ടെത്തുന്ന ഒരു പരീക്ഷയാണിതെന്ന് പറയാം. അത് പാസാകാൻ ഞാൻ 5 വർഷമെടുത്തു. അതുപോലെ, പരിചയസമ്പന്നരോട് ഇതിനെക്കുറിച്ച് ചോദിക്കുന്നത് നല്ലതാണ്. പ്രത്യേകിച്ച് മുൻ വർഷങ്ങളിലെ ചോദ്യപേപ്പറുകൾ നോക്കിയാൽ നിങ്ങൾക്ക് ധാരാളം ആശയങ്ങൾ ലഭിക്കും. തുടക്കക്കാർ വീഡിയോകളും ലിങ്കുകളും ഉപയോഗിക്കുന്നതിന് പകരം പുസ്തകങ്ങളിൽ നിന്ന് ആരംഭിക്കുന്നതാണ് നല്ലത്. സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ പോകുന്നവരുടെ പാത മോശമായിരിക്കും. വേദനകൾ ഉണ്ടാകും. പ്രതീക്ഷിച്ചത് ലഭിക്കാതെ, **delay** നേരിടുന്നല്ലോ എന്ന നിരാശ തീർച്ചയായും ഉണ്ടാകും. എന്നാൽ, കർത്താവിന് ഒന്നാം സ്ഥാനം നൽകി നിങ്ങളുടെ ഉപദേഷ്ടാവാക്കുമ്പോൾ, കർത്താവ് ഒരിക്കലും നിങ്ങളെ ഉപേക്ഷിക്കില്ല, നിങ്ങളോടുകൂടെയിരുന്ന് നിങ്ങളുടെ സ്വപ്നം സാക്ഷാത്കരിക്കും.






**പ്രിയപ്പെട്ട യൗവനക്കാരെ! സ്വപ്നം സാക്ഷാത്കരിക്കണം എന്ന ലക്ഷ്യത്തോടെ പഠിക്കുമ്പോൾ, ഒരിക്കലും പഠനത്തിൽ മടുപ്പ് തോന്നില്ല. പരാജയങ്ങൾ നേരിട്ടപ്പോഴും സഹോദരൻ ഫെലിക്സ് കഠിനമായി പരിശ്രമിച്ച് തന്റെ സ്വപ്നം സാക്ഷാത്കരിക്കാനുള്ള യാത്ര തുടർന്നു. നിങ്ങളും പരാജയത്തിൽ തളരാതെ ലക്ഷ്യത്തിലേക്ക് യാത്ര തുടരുവിൻ.**

# വാർത്തകൾ!

## ജനസേവനത്തിനുള്ള വലിയ അവസരം: വിജയാനന്ദ്

തിരുവനന്തപുരം: ജനങ്ങൾക്ക് ഏറ്റവും കൂടുതൽ സംഭാവന നൽകാൻ കഴിയുന്ന മേഖലയാണ് സിവിൽ സർവീസെന്ന് മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ്. സിവിൽ സർവീസ് നേടാൻ ആദ്യം വേണ്ടത് ആത്മവിശ്വാസമാണ്. ചിട്ടയായ പഠനവും, പഠിക്കുന്ന ഭാഗം കുറിപ്പായി രേഖപ്പെടുത്തുന്ന ശീലവും നേട്ടം സ്വന്തമാക്കാൻ സഹായകമാകുമെന്ന് അദ്ദേഹം പറഞ്ഞു.

അഖില കേരള ബാലജനസംഖ്യത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന സിവിൽ സർവീസ് മാർഗനിർദേശ ക്യാംപ് ലക്ഷ്യ 2026 ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.
- മലയാള മനോരമ 2026 മേയ് 20.

## 'ഹായ്'ഡ്രജൻ ട്രെയിൻ
## ഇന്ത്യയിലെ ആദ്യത്തെ ഹൈഡ്രജൻ ട്രെയിനിന് റെയിൽവേ അനുമതി!




ന്യൂഡൽഹി: ഇന്ത്യയിലെ ആദ്യ ഹൈഡ്രജൻ ട്രെയിനിന് റെയിൽവേ മന്ത്രാലയത്തിന്റെ അനുമതിയായി. പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ ഗതാഗത രംഗത്തേക്ക് ഇന്ത്യ വലിയൊരു ചുവടുവെപ്പ് നടത്തുകയാണ്. ഹരിയാനയിലെ ജിന്ദ്-സോനിപ്പത്ത് റൂട്ടിലാണ് 10 കോച്ചുകളുള്ള ഈ ഡെമു ട്രെയിൻ സർവീസ് നടത്തുക. മണിക്കൂറിൽ 75 കിലോമീറ്റർ ആയിരിക്കും പരമാവധി വേഗം.

ഡീസലിനും വൈദ്യുതിക്കും പകരം പരിസ്ഥിതി മലിനീകരണം പൂർണ്ണമായും ഒഴിവാക്കുന്ന 1200 കിലോവാട്ട് ശേഷിയുള്ള ഹൈഡ്രജൻ ഫ്യൂവൽ സെൽ സാങ്കേതികവിദ്യയാണ് ഇതിൽ ഉപയോഗിക്കുന്നത്. ഒരു എൻജിനിൽ മാത്രം ഊർജം കേന്ദ്രീകരിക്കുന്നതിനു പകരം ട്രെയിനിലെ കോച്ചുകളിലെല്ലാം ഊർജം എത്തിക്കുന്ന സാങ്കേതികവിദ്യയിലാണ് പ്രവർത്തനം.

മന്ത്രാലയം പച്ചക്കൊടി കാട്ടിയെങ്കിലും ട്രെയിൻ ഉടൻ സർവീസ് ആരംഭിക്കില്ല. അതിന് ഇനിയും കടമ്പകൾ ഏറെയുണ്ട്.

ജിന്ദ് - സോനിപ്പത്ത് റൂട്ടിൽ മാത്രമാണ് നിലവിൽ ട്രെയിനിനു യാത്രാനുമതിയുള്ളത്. ഡൽഹിയിലെ ശകുർബസ്തിയിലാണ് അറ്റകുറ്റപ്പണി നടത്തുക. ഇതിനായി ഹൈഡ്രജൻ ഊർജോൽപാദനം പൂർണമായും നിർത്തി, ഡീസൽ എൻജിന്റെ സഹായത്തോടെയാകും ട്രെയിൻ കൊണ്ടുപോകുക.
- 2026 മേയ് 27.




# ജൂൺ 21 പിതൃദിനം



1910 മുതൽ ജൂൺ 19 നാണ് പിതൃദിനം ആഘോഷിക്കുന്നത്. അമ്മയില്ലാതെ പിതാവിന്റെ സംരക്ഷണത്തിൽ വളർത്തപ്പെട്ട അമേരിക്കൻ വനിതയായ സോനോറ സ്മാർട് ഡോഡാണ് പിതൃദിനം സ്ഥാപിച്ചത്.

- തന്റെ ദുഃഖവും വേദനയും പുറത്ത് കാണിക്കാതെ എല്ലാ കടമകളും നിർവഹിക്കുന്ന വ്യക്തിയാണ് പിതാവ്. അമ്മ കഴിഞ്ഞാൽ നമ്മുടെ ഹൃദയത്തോട് ഏറ്റവും അടുപ്പമുള്ള വ്യക്തി നമ്മുടെ പിതാവാണ്.
- ഒരു പിതാവിന്റെ സ്നേഹം അമ്മയുടെ സ്നേഹം പോലെയല്ല, പക്ഷേ നമ്മെ ഉള്ളിൽ നിന്ന് ശക്തരാക്കുന്നത് പിതാവാണ്.
- പിതാവ് നമ്മെ നന്മതിന്മകളെക്കുറിച്ച് പഠിപ്പിക്കുന്നു. നമ്മുടെ പിതാവ് നമ്മോടുകൂടെ ഉള്ളിടത്തോളം കാലം നാം ഒന്നിനെക്കുറിച്ചും വിഷമിക്കേണ്ടതില്ല.
- പിതാവ് എപ്പോഴും ദുഃഖം ഉള്ളിൽ സൂക്ഷിക്കുകയും നമുക്ക് സന്തോഷം നൽകുകയും ചെയ്യുന്നു.
- കുടുംബത്തെ ഉത്തരവാദിത്തത്തോടെ നയിക്കുന്നവരും, നിസ്വാർത്ഥ സ്നേഹത്തിന്റെ പ്രതീകങ്ങളുമായ പിതാക്കന്മാർ വർഷം മുഴുവനും ആദരിക്കപ്പെടാൻ അർഹരാണ്!

നമ്മുടെ ജീവിതത്തിൽ ഒരു പിതാവിന്റെ പങ്ക് വളരെ പ്രധാനപ്പെട്ടതാണെന്നതിൽ സംശയമില്ല. ഓരോ കുട്ടിയും അവരുടെ പിതാവിനോട് നന്ദിയുള്ളവരായിരിക്കണം.

"പരമാർത്ഥതയിൽ നടക്കുന്നവൻ നീതിമാൻ; അവന്റെശേഷം അവന്റെ മക്കളും ഭാഗ്യവാന്മാർ" (സദൃ. 20:7).